# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2621

06.11.2019 ൽ മറുപടി
നൽകേണ്ടിയിരുന്നത്

**<u>പട്ടികജാതി-പട്ടികഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിനുള്ള പദ്ധതികൾ</u>**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി,<br>" കാരാട്ട് റസാഖ്<br>" ഒ. ആർ. കേളു,<br>" ബി.സത്യൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികഗോത്ര വർഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതിക്കായും വകയിരുത്തിയിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ; | (ബി) | 2019-20 ൽ സ്വയം തൊഴിൽ സബ്സിഡി ഇനത്തിൽ 4 കോടി രൂപ പട്ടികജാതി വികസന വകുപ്പ് വകയിരുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതിയ്ക്കായും 2019-20 വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിന് സ്വയംസഹായ സംഘങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത്. ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളെ പ്രോൽസാഹിപ്പിയ്ക്കുന്നതിന് വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ഗോത്രജീവിക<br>• പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):<br>• മില്ലറ്റ് വില്ലേജ് - അട്ടപ്പാടി<br>• മലയടി ഗിരിജൻ സൊസൈറ്റി<br>• അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി<br>• പ്രിയദർശിനി തേയിലത്തോട്ടം, മാനന്തവാടി, |

| | | | |
|---|---|---|---|
| | | | വയനാട്<br>• ഗദ്ദിക<br>• ക്ഷീരവ്യവസായ സംരംഭങ്ങൾ<br>• .പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനുള്ള ധനസഹായം എന്നിവ ഉൾപ്പെടുന്നു.<br>ഇതിനുപുറമേ 12 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വഴി പരിശീലനം നൽകി 2500 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | വരുമാനദായകമായ രീതിയിൽ കൃഷി നടത്തുന്നതിനും പാട്ടകൃഷി പ്രോത്സാഹിപ്പിക്കാനും പദ്ധതിയുണ്ടോ; | (സി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വരുമാനദായകമായ രീതിയിൽ കൃഷി നടത്തുന്നതിന് ദുർബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരം കുറഞ്ഞത് 25 സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നു. 3 വർഷത്തിലധികം തരിശിടുന്നപക്ഷം സർക്കാരിലേയ്ക്ക് ഭൂമി കണ്ടുകെട്ടുന്നതാണെന്നും വ്യവസ്ഥയുണ്ട്. കാർഷികവൃത്തിയിൽ മുൻപരിചയം ഉള്ളവർക്കും കാർഷിക തൊഴിലാളികൾക്കും മുൻഗണന നൽകുന്നതാണ്. കുറഞ്ഞത് 10 സെന്റ് ഭൂമി സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ കൈവശം ഉള്ളവർക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.<br>പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിന് 2019-20 - ൽ "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നു വരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ പണി എടുക്കുന്ന ആറളം ഫാം, ചിങ്ങേരി ഫാം, അട്ടപ്പാടി കോപ്പറേറ്റീവ് ഫാം എന്നിവിടങ്ങളിൽ കൃഷി നടത്തുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കും. |
| (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സാധ്യമായിട്ടുണ്ട്.<br>വായ്പാ വിതരണത്തിലും തിരിച്ചടവിലും 2016-17 സാമ്പത്തിക വർഷം മുതലുള്ള പുരോഗതിയിൽ നിന്നും ഇതു വ്യക്തമാകുന്നതാണ്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കഴിഞ്ഞ സാമ്പത്തിക വർഷം കോർപ്പറേഷന് അനുവദിച്ചതും എന്നാൽ റിലീസ് ചെയ്യാൻ കഴിയാതിരുന്നതുമായ 10 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം കോർപ്പറേഷന് |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കൈമാറിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി 11.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിന്റെയും പട്ടികവർഗ്ഗ വിഭാഗത്തിന്റെയും ഗുണഭോക്താക്കളുടെ കാലാവധി കഴിഞ്ഞ വായ്പ എഴുതി തള്ളുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനും തുക വിനിയോഗിക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വായ്പാ വിതരണം

തുക ലക്ഷത്തിൽ

| വർഷം | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ | |
|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
| 2016-17 | 4675 | 5169.44 | 356 | 366.3 | 5031 | 5535.74 |
| 2017-18 | 4505 | 5858.97 | 319 | 390.71 | 4824 | 6249.68 |
| 2018-19 | 6240 | 8980.38 | 476 | 772.84 | 6716 | 9753.22 |
| 2019-20 (20.10.2019 വരെ) | 2360 | 4111.99 | 205 | 323.34 | 2565 | 4435.33 |
| **ആകെ** | **17780** | **24120.78** | **1356** | **1853.19** | **19136** | **25973.97** |

## വായ്പാ തിരിച്ചടവ്

| വർഷം | ഈടാക്കിയ തുക |
|---|---|
| 2016-2017 | 4455.39 |
| 2017-2018 | 5300.12 |
| 2018-2019 | 5911.62 |
| 2019-2020 (20.10.2019) വരെ | 3608.63 |
| **ആകെ** | **19275.76** |

സെക്രട്ടറി ഇൻ ചാർജ്